സ്മരണ

# തൂമന്ദഹാസത്തിന്റെ തിരുശേഷിപ്പുകൾ

## ഡോ. ഹസ്സാൻ ഹത്ഹൂത്തിനെ ഓർക്കുമ്പോൾ

പി.കെ ജമാൽ



**പ്രബോധകനും കവിയും ദാർശനികനും പ്രഭാഷകനും ചിന്തകനും പ്രഗത്ഭ ഭിഷഗ്വരനുമായ ഡോ. ഹസ്സാനെ കുറിച്ച ഓർമകൾ അയവിറക്കുമ്പോൾ തെളിഞ്ഞുവരുന്നത് ആ മുഖത്തെ മായാത്ത മന്ദഹാസമാണ്. ആ തൂമന്ദഹാസത്തിന്റെ തിരുശേഷിപ്പുകളെ കുറിച്ചാണ് ഓർക്കാനും പറയാനുമുള്ളത്.**

**25.4.2009** ശനിയാഴ്ച കാലിഫോർണിയയിലെ പാസദിനാ നഗരത്തിൽ അന്തരിച്ച ഡോ. ഹസ്സാൻ ഹത്ഹൂത്ത്, ഇമാം ഹസനുൽ ബന്നായോടൊപ്പം അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രസ്ഥാനത്തിൽ പ്രവർത്തിക്കുകയും ആ കാലഘട്ടത്തിന്റെ ആത്മാവും ചൈതന്യവും പുതിയ തലമുറയിലേക്ക് പകരുകയും ചെയ്ത മഹദ് വ്യക്തിത്വമാണ്. ഈജിപ്തിലും ഫലസ്ത്വീനിലും സുഊദി അറേബ്യയിലും കുവൈത്തിലും ഒടുവിൽ അമേരിക്കയിലും നിറ സാന്നിധ്യമായിരുന്ന ആ അനുപമ വ്യക്തിത്വം ഇസ്‌ലാമിക നവജാഗരണത്തിന്റെ തേരാളിയായി ജീവിച്ചു. നവയുഗത്തിന്റെ സ്പന്ദനങ്ങളോടും സ്വപ്നങ്ങളോടും സചേതനമായി പ്രതികരിക്കുകയും ഇസ്‌ലാമിക ചിന്തകളെ കാലത്തോടും ലോകത്തോടും ബന്ധപ്പെടുത്തി, വ്യാപരിച്ച മേഖലകളിലെല്ലാം മഹത്തായ സംഭാവനകൾ അർപ്പിക്കുകയും ചെയ്ത യുഗശിൽപി എന്ന നിലക്കായിരിക്കും ഡോ. ഹസ്സാൻ ഹത്ഹൂത്തിനെ ചരിത്രം അടയാളപ്പെടുത്തുക.

മായാത്ത മന്ദഹാസം മുഖമുദ്രയാക്കിയ ഡോ. ഹസ്സാന്റെ ജീവിതവും ചിന്തയും ഇസ്‌ലാം ഉദ്ഘോഷിക്കുന്ന വിശാല മനസ്കതയുടെയും ഉദാരഭാവത്തിന്റെയും പ്രതിനിധാനമായിരുന്നു. ബഹുസ്വര സമൂഹത്തിൽ ഇസ്‌ലാമിന്റെ ഇടപെടലിന് അർഥതലങ്ങൾ തേടിയുള്ള നിരന്തര സഞ്ചാരമായിരുന്നു ആ ജീവിതം. ചിന്തയിലും സമീപനങ്ങളിലും ജീവിതചര്യയിലും ഉന്നത നിലവാരം കാത്തുസൂക്ഷിക്കുകയും, ആർജവത്തിന്റെയും ആത്മാർപ്പണത്തിന്റെയും ത്യാഗമനോഭാവത്തിന്റെയും നിസ്തുല മാതൃകകൾ സൃഷ്ടിക്കുകയും ചെയ്ത പ്രബോധകനായിരുന്നു ഡോ. ഹസ്സാൻ ഹത്ഹൂത്ത് എന്ന് ഇഖ്‌വാനുൽ മുസ്‌ലിമൂൻ കാര്യദർശി മുഹമ്മദ് മഹ്ദി ആകിഫ് അനുശോചന സന്ദേശത്തിൽ പറഞ്ഞു. മുസ്‌ലിംകളെ ഭീകരന്മാരായി അവതരിപ്പിക്കുന്ന അമേരിക്കൻ വാർത്താ മാധ്യമങ്ങൾ ക്ഷമാപണം നടത്താൻ നിർബന്ധിതമായത് ഡോ. ഹസ്സാന്റെ ഇടപെടലിനെത്തുടർന്നായിരുന്നു എന്ന് അനുസ്മരിച്ച ഇഖ്‌വാൻ മേധാവി, 1999-ൽ വൈറ്റ് ഹൗസ് ഗാർഡനിൽ പെരുന്നാൾ നമസ്കാരം സംഘടിപ്പിക്കുകയും അതിൽ പ്രസിഡന്റിന്റെ പത്നിയുടെയും പുത്രിയുടെയും സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്തത് ഭരണകൂടത്തിന്റെ ഉന്നതങ്ങളിൽ ഡോ. ഹസ്സാന്റെ സുദൃഢമായ സ്നേഹബന്ധത്തിന് ഉദാഹരണമായി എടുത്തുകാട്ടി. ഭ്രൂണഹത്യ, ആണവായുധ വ്യാപനം തുടങ്ങിയ നിരവധി സാമൂഹിക വിഷയങ്ങളിൽ സമാന ചിന്താഗതിക്കാരുമായി സഖ്യത്തിലേർപ്പെടാനും പ്രവർത്തിക്കാനും താനുൾപ്പെട്ട സംഘടനക്ക് അദ്ദേഹം നേതൃത്വം നൽകി.

ഡോ. ഹസ്സാൻ കുവൈത്തിൽ ജീവിച്ച വർഷങ്ങളിൽ അടുത്തിടപഴകാൻ നിരവധി സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അസ്സബാഹ് മെറ്റേർണിറ്റി ഹോസ്പിറ്റൽ ഡയറക്ടറായി സേവനമനുഷ്ഠിച്ച ഡോ. ഹസ്സാന്റെ

സാന്നിധ്യത്താൽ ധന്യമായിരുന്നു കെ.ഐ.ജിയുടെ 'ഫോക്കസ് ഓൺ ഇസ്‌ലാം' പ്രഭാഷണ പരമ്പരകൾ. കുവൈത്തിലെ ഇന്ത്യൻ മുസ്‌ലിം സമൂഹത്തിൽ ഇസ്‌ലാമിക അവബോധവും വീക്ഷണവും കരുപ്പിടിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച ആ പരിപാടികളിൽ ഡോ. ഹസ്സാൻ നടത്തിയ പ്രഭാഷണങ്ങൾ വേറിട്ടുനിന്നു. ശാസ്ത്രത്തെ ഖുർആനുമായി ബന്ധിപ്പിക്കുകയും വൈദ്യശാസ്ത്രത്തിലെ നൂതന പ്രവണതകളും ഗവേഷണഫലങ്ങളും ഇസ്‌ലാമിക വീക്ഷണത്തിൽ വിലയിരുത്തുകയും ചെയ്ത ആ പ്രഭാഷണങ്ങൾ അനുവാചക ഹൃദയങ്ങളിൽ പുതിയ ചിന്തയുടെ വിത്തുപാകി. ഒരു ഹിജ്റാ ഒഴിവുദിന ക്യാമ്പിൽ, ഹസനുൽ ബന്നായുമായി തന്റെ വ്യക്തിപരമായ അടുപ്പവും ബന്ധവും വിശദീകരിച്ച അദ്ദേഹം, ഇഖ്‌വാന്റെ പ്രവർത്തനങ്ങൾ ഈജിപ്തിൽ സജീവ ശ്രദ്ധാ വിഷയമാകുന്നതിൽ ബന്നായുടെ വിശിഷ്ട വ്യക്തിത്വം വഹിച്ച പങ്കും എടുത്തുപറഞ്ഞു. ഹിജ്റയുടെ പാഠങ്ങളിൽ അവസാനിച്ച ആ പ്രഭാഷണമായിരുന്നു അമേരിക്കയിലേക്ക് പോകും മുമ്പ് നടത്തിയ ഒടുവിലത്തെ പരിപാടി. 1989ൽ, ജംഇയ്യത്തുൽ ഇസ്‌ലാഹിൽ കെ.ഐ.ജി നല്കിയ യാത്രയയപ്പ് യോഗത്തിൽ അദ്ദേഹം പറഞ്ഞു: "എന്റെ വ്യക്തിത്വ രൂപവത്കരണത്തിൽ എന്റെ മാതാവ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. ജീവിത വിജയത്തിന് അടുക്കും ചിട്ടയും ആവശ്യമാണെന്നും മുൻഗണനാക്രമം അനുസരിച്ച് വേണം ഓരോ കാൽവെപ്പും എന്നും എന്നെ പഠിപ്പിച്ചത് എന്റെ ഉമ്മയാണ്. പ്രബോധന പ്രവർത്തനങ്ങളിലും മുൻഗണനാക്രമങ്ങൾ ദീക്ഷിക്കണം. മുൻഗണനാക്രമങ്ങളെ കുറിച്ച അജ്ഞതയാണ് ദൗർഭാഗ്യവശാൽ ഇന്ന് സമുദായത്തിനുള്ളത്. അതുതന്നെയാണ് പരാജയങ്ങൾക്ക് കാരണവും." ആ പ്രഭാഷണത്തിലെ പ്രസക്ത ഭാഗങ്ങൾ അന്ന് *പ്രബോധനം* പ്രസിദ്ധീകരിച്ചിരുന്നു.

* * * * *

പ്രബോധകനും കവിയും ദാർശനികനും പ്രഭാഷകനും ചിന്തകനും പ്രഗത്ഭ ഭിഷഗ്വരനുമായ ഡോ. ഹസ്സാനെ കുറിച്ച ഓർമകൾ അയവിറക്കുമ്പോൾ തെളിഞ്ഞുവരുന്നത് ആ മുഖത്തെ മായാത്ത മന്ദഹാസമാണ്. ആ തൂമന്ദഹാസത്തിന്റെ തിരുശേഷിപ്പുകളെ കുറിച്ചാണ് ഓർക്കാനും പറയാനുമുള്ളത്. 'മന്ദസ്മിതം തൂകുന്ന മുഖഭാവത്തോടെ നിന്റെ സഹോദരനെ അഭിമുഖീകരിക്കുന്നതുപോലും സ്വദഖയാണെ'ന്ന നബിവചനത്തിന്റെ അർഥവ്യാപ്തി, ഹസ്സാനെ പോലുള്ളവരുടെ നിറകൺ ചിരികളെ കുറിച്ച ധന്യസ്മൃതികളിൽ കൂടെക്കൂടെ തെളിഞ്ഞുവരും.

**പ്രബോധന പ്രവർത്തനങ്ങളിൽ മുൻഗണനാ ക്രമം ദീക്ഷിക്കണം. മുൻഗണനാ ക്രമങ്ങളെ കുറിച്ച അജ്ഞതയാണ് ദൗർഭാഗ്യവശാൽ ഇന്ന് സമുദായത്തിനുള്ളത്. അതുതന്നെയാണ് പരാജയങ്ങൾക്ക് കാരണവും.**

കവിയും സാഹിത്യകാരനും എഴുത്തുകാരനും ഇംഗ്ലീഷ് അധ്യാപകനുമായ പിതാവാണ് തന്നിലെ കവിയുടെ സ്രഷ്ടാവെന്ന് ഡോ. ഹസ്സാൻ ഒരിക്കൽ പറയുകയുണ്ടായി. "യുവ ഡോക്ടറായ ഞാൻ ഫലസ്ത്വീനിലേക്ക് സേവനമനുഷ്ഠിക്കാൻ പോകവെ എന്നെ യാത്രയയക്കുമ്പോൾ പിതാവ് ചൊല്ലിയ കവിതകൾ ഇന്നും മനസ്സിലുണ്ട്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരിൽ ഈജിപ്തിലെ ആദ്യത്തെ വനിതാ പ്രകടനം നയിച്ച എന്റെ ഉമ്മയാണ് എന്നിൽ സമരവീര്യം ജ്വലിപ്പിച്ചത്. കുട്ടിക്കാലത്തെ എന്റെ ഓർമകളിൽ തെളിച്ചം മങ്ങാതെ നിൽക്കുന്നത് ഉമ്മ എപ്പോഴും ഉരുവിട്ടുകൊണ്ടിരുന്ന ഒരു മന്ത്രമാണ്; മോനേ, നിന്നെ ഗർഭം ധരിച്ചപ്പോഴേ ഞാൻ നേർന്നതാണ്, ഇംഗ്ലീഷുകാരെ ഈജിപ്തിന്റെ മണ്ണിൽനിന്ന് തുരത്താൻ നിന്നെ ഞാൻ ദാനം നൽകും" എന്നാണ്.

ഹസ്സാൻ ഹത്ഹൂത്ത് എന്ന ഇസ്‌ലാമിക വ്യക്തിത്വത്തിന്റെ നിർമിതിയിൽ കുടുംബപശ്ചാത്തലം വലിയ പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും ഇഖ്‌വാനുൽ മുസ്‌ലിമൂന്‍ സ്ഥാപകനായ ഇമാം ഹസനുൽ ബന്നായാണ് തന്റെ യഥാർഥ ശിൽപിയെന്ന് ഡോ. ഹസ്സാൻ പലപ്പോഴും പറയാറുണ്ടായിരുന്നു. കഴിഞ്ഞ കാലം ഡോ. ഹസ്സാൻ ഓർക്കുന്നു:

"ആദ്യഘട്ടത്തിൽ ഈജിപ്തിൽ വഫ്ദ് പാർട്ടിക്കായിരുന്നു ഭൂരിപക്ഷം. ഞാൻ കുട്ടിയായിരിക്കുമ്പോഴാണ് സഅദ് സഗ്ലൂൽ മരണമടഞ്ഞത്. പിന്നെ വന്നത് മുസ്ത്വഫാ നുഹാസാണ്. വഫ്ദ് പാർട്ടിയിലായിരുന്നു രാജ്യത്തിന്റെ പ്രതീക്ഷ. ജനശബ്ദം വഫ്ദിലൂടെയാണ് പുറത്തുവന്നുകൊണ്ടിരുന്നത്. തുടക്കത്തിൽ എന്റെ മനസ്സ് വഫ്ദിനോടൊപ്പമായിരുന്നു. നുഹാസ് പാഷയാണ് സമുദായ നേതാവ്. സെക്കന്ററിതലം വരെ ഇതായിരുന്നു നില. യൂനിവേഴ്സിറ്റിയിൽ കാൽകുത്തിയ ആദ്യനാളുകളിൽതന്നെ ഇമാം ഹസനുൽ ബന്നായെ പരിചയപ്പെടാൻ ഇടയായി. പുരുഷകേസരികളിൽ ഞാൻ പരിചയപ്പെട്ടതിൽ ഏറ്റവും വിശിഷ്ട വ്യക്തിത്വം, അറിഞ്ഞതിൽ ഏറ്റവും ഉന്നതനായ നേതാവ്. ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും ഹസനുൽബന്നായെ പോലെ വികൃതമാക്കി അവതരിപ്പിക്കപ്പെട്ട ഒരു വ്യക്തിത്വത്തെ ചൂണ്ടിക്കാണിക്കാനില്ല. ലോകത്തെ മുഴുവൻ വാർത്താ മാധ്യമങ്ങളും ഒറ്റക്കെട്ടായി അണിനിരന്ന് ആക്രമിച്ച ഒരു വ്യക്തിത്വവും വേറെയില്ല. ഞാൻ ആ വിശിഷ്ട വ്യക്തിത്വത്തെ അടുത്തറിഞ്ഞിട്ടുണ്ട്. വിശ്വാസിയും സത്യസന്ധനും സംസ്കൃതചിത്തനും വിശാല മനസ്കനുമായ ഹസനുൽ ബന്നായിൽ ഞാൻ കണ്ട വിസ്മയം, ഏത് കാര്യത്തിലും അദ്ദേഹം പുലർത്തിയ ലാളിത്യവും സരളതയുമാണ്. ജനങ്ങളോട് അദ്ദേഹം ഇടപെട്ട രീതി ഒന്ന് വേറെത്തന്നെയായിരുന്നു. മറ്റുള്ളവരെ ഉൾക്കൊള്ളുന്ന സന്മനോഭാവമായിരുന്നു അദ്ദേഹത്തെ വേറിട്ട് നിർത്തിയത്. തുറന്നുപിടിച്ച ഹൃദയം. ഈജിപ്തിലെ കോപ്റ്റിക് ക്രൈസ്തവരുമായുള്ള ഹസനുൽബന്നായുടെ ബന്ധം തലമുറകൾക്ക് മധുരമുള്ള ഓർമകളാണ്. സർഗവാസനകളോടും സർഗസിദ്ധികളോടും ആദരപൂർവം ഇടപെട്ട



സഅദ് സഗ്ലൂൽ

വ്യക്തിയായിരുന്നു ഹസനുൽ ബന്നാ. കൗകബുശ്ശർഖ് (കിഴക്കിന്റെ നക്ഷത്രം) എന്നറിയപ്പെട്ട ഗായിക ഉമ്മുകുൽസൂമിന്റെ പല ഗാനങ്ങളും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ കയ്റോ മെഡിക്കൽ കോളേജിൽ ഹസനുൽ ബന്നാ പ്രഭാഷണം നടത്താൻ വന്നു. ഞാൻ അന്ന് അവിടെ വിദ്യാർഥിയാണ്. സദസ്സിൽനിന്ന് ഒരു ചോദ്യം: "യാ ഉസ്താദ്, സിനിമ ഹലാലോ ഹറാമോ?" വളരെ ലളിതമായിരുന്നു മറുപടി. "ഹലാൽ സിനിമ ഹലാലും ഹറാം സിനിമ ഹറാമും." ഹസനുൽ ബന്നായിൽനിന്ന് ഞാൻ പഠിച്ച ഒരു വലിയ പാഠം ഇന്നത്തെ യുവാക്കൾ പഠിച്ചെങ്കിൽ എന്ന് പലപ്പോഴും ആശിക്കാറുണ്ട്. ആവർത്തിച്ചാവർത്തിച്ച് ഞങ്ങളോട് അദ്ദേഹം ഉരുവിടുന്ന ഒരു വാക്കുണ്ട്: 'സനുഖാത്തിലുന്നാസ ബിൽഹുബ്ബി' (നാം ജനങ്ങളോട് സ്നേഹം കൊണ്ടാണ് പടവെട്ടുക). ഇഖ്‌വാന്റെ ആലോചനാ സമിതിയിൽ വുഹൈബ് ബാഷാ ദ്രൂസ് എന്ന ഒരു കോപ്റ്റിക് ക്രിസ്ത്യാനി അംഗമായിരുന്നു. ഒരിക്കൽ പാർലമെന്റിലേക്ക് മത്സരിച്ച ബന്നായുടെ ഒരു നിയോജക മണ്ഡലത്തിലെ പ്രതിനിധി കോപ്റ്റിക്

**ദേശീയതലത്തിലും അന്താരാഷ്ട്രതലത്തിലും ഹസനുൽബന്നായെ പോലെ വികൃതമാക്കി അവതരിപ്പിക്കപ്പെട്ട ഒരു വ്യക്തിത്വത്തെ ചൂണ്ടിക്കാണിക്കാനില്ല. ലോകത്തെ മുഴുവൻ വാർത്താ മാധ്യമങ്ങളും ഒറ്റക്കെട്ടായി അണിനിരന്ന് ആക്രമിച്ച ഒരു വ്യക്തിത്വവും വേറെയില്ല. ഞാൻ ആ വിശിഷ്ട വ്യക്തിത്വത്തെ അടുത്തറിഞ്ഞിട്ടുണ്ട്.**



ഹസനുൽ ബന്നാ

ണങ്ങൾ ശ്രവിക്കാൻ സ്ഥിരമായി വരാറുണ്ടായിരുന്നു. ബന്നാ ഞങ്ങളെ സ്നേഹം പഠിപ്പിച്ചു. ഞാൻ ഹസനുൽ ബന്നായിൽനിന്നാണ് സ്നേഹിക്കാൻ പഠിച്ചത്.

അമേരിക്കയിൽ ക്രിസ്ത്യാനികളും മുസ്‌ലിംകളും ജൂതന്മാരും തമ്മിൽ സംവദിക്കാൻ സാധിക്കുന്നവിധം ആശയവിനിട്ടം മുതൽക്കേ കർമനിരതരായി രംഗത്തുണ്ട്.

ഹസനുൽ ബന്നായോടൊപ്പം ചെലവിട്ട നാളുകളിലെ ഓർമകൾ ഏറെയാണ്. അദ്ദേഹത്തോടൊപ്പം ജയിലിൽ ഒരു കമ്യൂണിസ്റ്റുകാരനുണ്ട്. എല്ലാവരെയും നമസ്കാരത്തിന് അണിനിരത്തി

## ഡോ. ഹസ്സാൻ ഹത്ഹൂത്ത്

ജനനം 23.12.1924 ഈജിപ്തിലെ മനൂഫിയാ ഗവർണറേറ്റിലെ ശബീനുൽ കും നഗരത്തിൽ.

* കയ്റോ യൂനിവേഴ്സിറ്റിയിൽനിന്ന് മെഡിക്കൽ ബിരുദം.
* ഗൈനക്കോളജിയിൽ സ്പെഷ്യലൈസ് ചെയ്തു. ഇംഗ്ലണ്ടിൽനിന്ന് ജനറ്റിക് സയൻസിൽ ഡോക്ടറേറ്റും എം.ആർ.സി.പിയും.
* കയ്റോവിലെ ദമർദാശ് ആശുപത്രിയിലും ഗ്രാമപ്രദേശങ്ങളിലും വൈദ്യസേവനം.
* 40 വർഷം നീണ്ട വൈദ്യസേവനത്തിനിടയിൽ അന്താരാഷ്ട്ര മെഡിക്കൽ ജേർണലുകളിൽ 100 ഗവേഷണ പ്രബന്ധങ്ങൾ.
* ഫലസ്ത്വീനിലും സുഊദിയിലും കുവൈത്തിലും വൈദ്യസേവനം.
* കുവൈത്തിൽ സബാഹ് ഹോസ്പിറ്റൽ മെറ്റേർണിറ്റി വിഭാഗം ഡയറക്ടർ.
* 1989ൽ ഇസ്‌ലാമിക പ്രബോധനം ലക്ഷ്യമാക്കി അമേരിക്കയിലേക്ക്.
* വൈദ്യരംഗത്ത് ദൈവപ്രോക്ത ധർമശാസ്ത്രം പരിചയപ്പെടുത്താൻ രൂപവത്കരിച്ച 'ഇന്റർനാഷനൽ ഓർഗനൈസേഷൻ ഓഫ് മെഡിക്കൽ സയൻസ്' സംഘടനയുടെ സ്ഥാപകാംഗം.
* 'ഇന്റർഫെയ്ത്ത് കൗൺസിൽ ഓഫ് സതേൺ കാലിഫോർണിയ' സ്ഥാപകാംഗം.
* 1999ൽ വൈറ്റ് ഹൗസിൽ ആദ്യമായി നടന്ന ക്രിസ്ത്യൻ-മുസ്‌ലിം സെലിബ്രേഷനിൽ മുഖ്യപ്രഭാഷകൻ.
* വേൾഡ് ഹെൽത്ത് ഓർഗനൈസേഷനു കീഴിലുള്ള കമ്മിറ്റി ഓൺ എത്തിക്സ് ഓഫ് ഹ്യൂമൻ റിപ്രൊഡക്ഷനിൽ സജീവാംഗം.

ക്രിസ്ത്യാനിയായിരുന്നു. ഇമാം ഹസനുൽ ബന്നാ വധിക്കപ്പെട്ടപ്പോൾ പട്ടാളക്കാരുടെ കനത്ത സുരക്ഷാനിര ഭേദിച്ച് ഇടിച്ചുകയറി കുടുംബാംഗമല്ലാത്ത ഒരേയൊരാളേ ജനാസയിൽ പങ്കെടുത്തിരുന്നുള്ളൂ. കോപ്റ്റിക് ക്രിസ്ത്യാനികളുടെ നേതാവ് മുക്‌രിം ഉബൈദ്. അദ്ദേഹം ബന്നായുടെ ഒരു ആരാധകനായിരുന്നു. ലൂയിസ് ഫാനൂസ്, ബന്നായുടെ പ്രഭാഷമയത്തിന്റെ ഒരു പാലം നാം പണിതിട്ടുണ്ട്. ജനങ്ങൾക്കിടയിൽ വെറുപ്പും വിദ്വേഷവും വളർത്തി ഭിന്നിപ്പിച്ചു ഭരിക്കുക എന്ന പഴയ സാമ്രാജ്യത്വ തന്ത്രം നമ്മുടെ പൗരസ്ത്യരാജ്യങ്ങളിൽ ഏതളവിൽ വിജയിച്ചു എന്നതിന് ചരിത്രം സാക്ഷിയാണ്. ജനകോടികളുടെ രക്തം ഊറ്റിക്കുടിക്കാൻ പ്രതിജ്ഞാബദ്ധമായ സാമ്രാജ്യത്വ ശക്തികൾ ഹസനുൽബന്നായുടെ കാലഘ

യപ്പോൾ തനിക്ക് വുദൂ ഇല്ലെന്ന് പറഞ്ഞ് നമ്മുടെ സഖാവ് ഒഴിഞ്ഞുമാറി. പക്ഷേ ബന്നാ വിട്ടില്ല. 'വുദൂ ഇല്ലാതെ നമസ്കരിച്ചാൽ മതി.' അങ്ങനെ തുടർന്നുള്ള ദിവസങ്ങളിൽ അയാൾ തയമ്മും ചെയ്ത് നമസ്കരിക്കും. പിന്നീട് ഹസനുൽ ബന്നായുമായുള്ള സഹവാസം അയാളെ ഒരു ഉത്തമ മുസ്‌ലിമാക്കി മാറ്റി. മറ്റൊരു സംഭവം: ഇഖ്‌വാൻ പ്രവർത്തകൻ, ഒരു

യൂനിവേഴ്സിറ്റി പ്രഫസറെ ഹസനുൽ ബന്നായുമായി സംഭാഷണത്തിന് ക്ഷണിച്ചു. അതിഥി സമയത്തെത്തി. നമ്മുടെ ഇഖ്‌വാൻ പ്രവർത്തക സുഹൃത്തുമുണ്ടായിരുന്നു അന്നേരം ബന്നായോടൊപ്പം. അതിഥി കൈവിരലിൽ സ്വർണമോതിരം അണിഞ്ഞത് നമ്മുടെ പ്രവർത്തകന്റെ ശ്രദ്ധയിൽ പെട്ടു. സ്വർണമോതിരം പുരുഷന്മാർ അണിയുന്നത് ഹറാമാണെന്ന് ബന്നാ അതിഥിയെ ധരിപ്പിക്കണമെന്ന് നമ്മുടെ പ്രവർത്തകന് നിർബന്ധം. അയാൾ ചെറിയ ഒരു സൂചന നൽകി. ബന്നാ അയാളെ ഒന്നമർത്തി നുള്ളി. അയാൾ മിണ്ടാതിരുന്നു. സംഭാഷണം കഴിഞ്ഞു. അതിഥി സന്തോഷവാനായി തിരിച്ചുപോയി. എന്നിട്ട് ഹസനുൽ ബന്നാ ഞങ്ങളോടായി: "ലാഇലാഹ ഇല്ലല്ലാഹു പരിചയപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് ഇപ്പോഴും നാം. അന്നേരമാണ് സ്വർണാഭരണം അണിയുന്നതിനെ കുറിച്ച ചർച്ചയും സംസാരവും ഉപദേശവുമൊക്കെ. എല്ലാറ്റിനും ഒരു ക്രമമുണ്ട്." അതായിരുന്നു ഞാൻ പരിചയിച്ച ബന്നാ. ജനങ്ങളെ അദ്ദേഹം വിവേകത്തോടും അവധാനതയോടും നയിച്ചു. മുൻഗണനകളെ കുറിച്ച തികഞ്ഞ ബോധ്യത്തോടെയായിരുന്നു ആ നായകത്വം. ദിനരാത്ര ഭേദമില്ലാതെ, വിശ്രമം എന്തെന്നറിയാതെ പ്രബോധന പ്രവർത്തനങ്ങളിൽ മുഴുകിയ ഹസനുൽ ബന്നായുടെ ദൈനംദിന ജീവിതം അടുത്തറിയാൻ എനിക്ക് സന്ദർഭമുണ്ടായിട്ടുണ്ട്. ഹിൽമിയ്യ പ്രദേശത്തെ ഒരു കൊച്ചു വീട്ടിലാണ് ബന്നാ താമസം. ലാളിത്യമാണ് ആ വീടിന്റെ പ്രത്യേകത. സൗകര്യം പരിഗണിച്ച് വീടു മാറ്റാൻ സഹപ്രവർത്തകർ നിർബന്ധിച്ചപ്പോഴൊക്കെ അദ്ദേഹം വിസമ്മതിക്കുകയായിരുന്നു. പുസ്തകങ്ങൾ ശേഖരിച്ചുവെച്ച മുറി- ലൈബ്രറി എന്ന് പറയാം- അവിടെയായിരുന്നു അതിഥികളെ സ്വീകരിച്ചതും സംസാരിച്ചതുമെല്ലാം.

ഒരു തവണ അസ്‌യൂത്വിൽ ചെന്ന് ഒരു പ്രഭാഷണം നടത്താൻ ഹസനുൽ ബന്നാ എന്നോടാവശ്യപ്പെട്ടു. എനിക്കവിടെ ഒരു ബന്ധുവുമുണ്ടായിരുന്നു. സൈനിക ഓഫീസർ. വേറെയും കുറെ സൈനിക സുഹൃത്തുക്കൾ സന്നിഹിതരായിരുന്നു പ്രഭാഷണം കേൾക്കാൻ. വിപ്ലവം നടന്ന് ജമാൽ അബ്ദുന്നാസിർ വിശ്രുത നായപ്പോഴാണ്, അന്ന് എന്റെ ബന്ധുവായ സൈനികോദ്യോഗസ്ഥനോടൊപ്പം പ്രഭാഷണം ശ്രവിക്കാൻ ഇരുന്ന വ്യക്തി ജമാൽ അബ്ദുന്നാസിറാണെന്ന് ഞാൻ



ഉമ്മു കുൽസൂം

**ഒരിക്കൽ ഞാൻ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ ജൂതന്മാരെ കൊല്ലാൻ ആഞ്ഞടുത്ത അറബ് പോരാളികളോട് ഞാൻ പറഞ്ഞു: "എന്റെ മൃത ശരീരത്തിൽ ചവിട്ടിയേ നിങ്ങൾക്കവരെ തൊടാൻ പറ്റൂ." ക്രുദ്ധരായ അവർ അമർഷമടക്കിപ്പിടിച്ചു പിരിഞ്ഞുപോയി.**

തിരിച്ചറിഞ്ഞത്. ജമാൽ അബ്ദുന്നാസിർ ഇഖ്‌വാനിൽ അംഗമായിരുന്നു എന്ന് പിന്നീടാണ് ഞങ്ങൾ മനസ്സിലാക്കിയത്. പക്ഷേ ഹസനുൽ ബന്നാ അക്കാര്യം ഞങ്ങളോട് സൂചിപ്പിച്ചിരുന്നില്ല. ജമാൽ അബ്ദുന്നാസിറിനും ഹസനുൽ ബന്നാക്കുമിടയിൽ അധികമാരും അറിയാത്ത പല രഹസ്യങ്ങളും ഉണ്ടായിരുന്നു.

ഫലസ്ത്വീനിലേക്ക് ഹസനുൽ ബന്നാ നിയോഗിച്ച ഡോക്ടർമാരുടെ മൂന്നംഗ സംഘത്തിൽ ഞാനുമുണ്ടായിരുന്നു. ഈജിപ്തിന് കിഴക്കുള്ള രാജ്യമെല്ലാം ഞങ്ങൾക്ക് അന്ന് 'ബിലാദുശ്ശാം' ആണ്. സിറിയ, ലബനാൻ, ഫലസ്ത്വീൻ... അങ്ങനെ വേർതിരിവില്ല.

ഫലസ്ത്വീനിലെ അർറംലി ആശുപത്രിയിൽ ഉണ്ടായ അനുഭവങ്ങൾ മറക്കാവുന്നവയല്ല. അനുഭവങ്ങളെല്ലാം ഹൃദയഭേദകം. ഒരു ഫലസ്ത്വീനി പിതാവ്. ഓപ്പറേഷൻ കഴിഞ്ഞ് വിശ്രമിക്കുന്ന മകനെ സന്ദർശിക്കാനെത്തിയതാണ്. ഫലസ്ത്വീനിലെ ജിഹാദിൽ പതിനൊന്ന് മക്കളെ നഷ്ടപ്പെട്ട പിതാവാണതെന്ന് പിന്നീട് ഞാനറിഞ്ഞു. പരിക്കേറ്റ് പിടയുന്നത് പന്ത്രണ്ടാമത്തെ സന്തതിയാണ്. ഒരിക്കൽ ഞാൻ പ്രവർത്തിക്കുന്ന ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ ജൂതന്മാരെ കൊല്ലാൻ ആഞ്ഞടുത്ത അറബ് പോരാളികളോട് ഞാൻ പറഞ്ഞു: "എന്റെ മൃതശരീരത്തിൽ ചവിട്ടിയേ നിങ്ങൾക്കവരെ തൊടാൻ പറ്റൂ." ക്രുദ്ധരായ അവർ അമർഷമടക്കിപ്പിടിച്ചു പിരിഞ്ഞുപോയി. അന്ന് ഞാൻ രക്ഷപ്പെടുത്തിയ ഒരു ജൂതനിൽനിന്ന് കാൽനൂറ്റാണ്ടിനു ശേഷം എനിക്കൊരു കത്ത് കിട്ടി. തന്നെ രക്ഷപ്പെടുത്തിയതിന് ഹൃദയം നിറഞ്ഞ നന്ദിയായിരുന്നു ആ കത്തിൽ. ഫലസ്ത്വീനിൽനിന്ന് തിരിച്ചെത്തിയ എന്നെ മറ്റു ഇഖ്‌വാൻ പ്രവർത്തകർക്കൊപ്പം ജയിലിൽ അടച്ചു. ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചു എന്നായിരുന്നു കുറ്റം. അതിനിടെ ഫലസ്ത്വീനിലെ എന്റെ സേവനത്തിന് സർവ പിന്തുണയും പ്രോത്സാഹനവും നൽകിയ യുവതി സാലൂ നാസിനെ വിവാഹം കഴിച്ചു. അവരും എന്നെ പോലെ ഡോക്ടറാണ്. ഇസ്‌ലാമിക ആതുര സേവന പ്രവർത്തനങ്ങളിൽ തൽപരയാണ്. സാലൂ നാസ് ജീവിതയാത്രയിൽ ഉടനീളം എന്നോടൊപ്പമുണ്ട്. ഞങ്ങളുടെ അമ്പത്തിനാലാം വിവാഹ വാർഷികത്തിന് അവർ എനിക്ക് ഉപഹാരമായി സമർപ്പിച്ചത് ഞങ്ങളുടെ ജീവിത യാത്രയിലെ പച്ചയായ അനുഭവങ്ങളെ ഗൃഹാതുരതയോടെ അനുസ്മരിക്കുന്ന മനോഹരമായ ഒരു കവിതയാണ്.

കുവൈത്തിലെ ഔദ്യോഗിക ജീവിതം അവസാനിപ്പിച്ച് ഇസ്‌ലാമിക പ്രബോധനാർഥം അമേരിക്കയിലേക്ക് പോവാനൊരുങ്ങിയ എന്നെ കിരീടാവകാശിയായിരുന്ന ശൈഖ് സഅദുൽ അബ്ദുല്ല തന്റെ വസതിയിലേക്ക് വിളിപ്പിച്ചു പറഞ്ഞു:' അമേരിക്കയിൽ ഒരു മഹത്തായ ദൗത്യത്തിന് പോകുന്നു എന്ന് എനിക്ക് ബോധ്യപ്പെട്ടതുകൊണ്ടാണ് ഞാൻ താങ്കളെ കുവൈത്ത് വിടാൻ അനുവദിക്കുന്നത്. ജീവിതാന്ത്യം വരെ അങ്ങയെപോലുള്ളവർ കുവൈത്തിൽ വേണമെന്നാണ് ഞങ്ങളുടെയൊക്കെ ആഗ്രഹം.

സെപ്റ്റംബർ 11 സംഭവത്തെ തുടർന്ന് വിവിധ മതവിഭാഗങ്ങൾ തമ്മിലെ കൂട്ടക്കശാപ്പുകളും രക്തച്ചൊരിച്ചിലും ഒഴിവായത് കഴിഞ്ഞ കുറേ

വർഷങ്ങളായി അമേരിക്കയിൽ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നിമിത്തമാണ്. അല്ലെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നോർക്കുമ്പോൾ ഭീതി തോന്നുന്നു. വിവിധ മതവിഭാഗങ്ങൾക്കിടയിൽ പരസ്പര ധാരണ വളർത്താൻ ആസൂത്രിത പരിപാടികൾ ഞങ്ങൾ ആവിഷ്കരിച്ചു. 'അബ്രഹാം ഡേ' എന്ന പേരിൽ ഒരു ദിവസം ഞങ്ങൾ ആചരിച്ചു. മുസ്‌ലിംകളും ക്രൈസ്തവരും ജൂതരും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഇബ്റാഹീം നബിയുടെ ജീവിതത്തെക്കുറിച്ച് ഈ മൂന്ന് മതാനുയായികളും പ്രസംഗിക്കും. ആശയ വിനിമയം നടത്തും. മറ്റൊരു ദിവസം ഞങ്ങൾ 'അധ്യാപക ദിന'മായി കൊണ്ടാടി. വിജ്ഞാനത്തിന് ഇസ്‌ലാം നൽകിയ പ്രാധാന്യവും ഇസ്‌ലാമിന്റെ വൈജ്ഞാനിക രംഗത്തെ സംഭാവനകളും ഗവേഷണഫലങ്ങളും ഇതര മതസ്ഥരെ ബോധ്യപ്പെടുത്താൻ ഞങ്ങൾ ആ സന്ദർഭം ഉപയോഗപ്പെടുത്തി. മുസ്‌ലിംകളും അമുസ്‌ലിംകളുമായി നൂറ് കണക്കിൽ അധ്യാപകരെ ഞങ്ങൾ ആ പരിപാടിയിലേക്ക് പ്രത്യേകം ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഇങ്ങനെ ഓരോ തലക്കെട്ടിൽ ആകർഷകമായ പരിപാടികൾ ഞങ്ങൾ നടത്തും. ഇത്തരം യത്നങ്ങളിൽ ഞങ്ങളെ വിമർശിക്കാനും ഒരു വിഭാഗം ഉണ്ടായിരുന്നു. 'ഒരു സമുദായത്തോടൊപ്പം ഇരുന്നാൽ അവരോടൊപ്പമായിരിക്കും ഉയിർത്തെഴുന്നേൽപിക്കപ്പെടുക' എന്നു പറഞ്ഞ് ജൂതരോടും ക്രിസ്ത്യാനികളോടുമുള്ള ഞങ്ങളുടെ ബന്ധത്തെ വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തു പോന്നവർ ഇപ്പോൾ ഞങ്ങളുടെ വഴി സ്വീകരിച്ചിരിക്കുകയാണ്.

**ഇസ്‌ലാമിക ശരീഅത്ത് ആദ്യം മുതൽ അവസാനം വരെ എല്ലാ ഉപാധികളും പൂർത്തീകരിച്ച് നടപ്പിലാക്കുകയാണെങ്കിൽ നല്ലത്. അതിന്റെ അവസാനം നടപ്പിലാക്കാൻ തുനിഞ്ഞാൽ ആദ്യന്തം നാശമായിരിക്കും ഫലം. ചിലർ കട്ടവന്റെ കൈ ഛേദിക്കാനും വ്യഭിചാരിയെ എറിഞ്ഞുകൊല്ലാനും തുനിഞ്ഞ് ശരീഅത്ത് നിയമം നടപ്പാക്കിത്തുടങ്ങും. ഇത് അവസാന ഘട്ടമാണെന്ന് അവരോർക്കുന്നില്ല.**

ഇസ്‌ലാമിക പ്രബോധനത്തിലും ഇസ്‌ലാമിക ശരീഅത്തിന്റെ പ്രയോഗവത്കരണത്തിലും അനുചിതവും അപകടകരവുമായ പല പ്രവണതകളും കാണാനുണ്ട്. ഇസ്‌ലാമിക ശരീഅത്ത് ആദ്യം മുതൽ അവസാനം വരെ എല്ലാ ഉപാധികളും പൂർത്തീകരിച്ച് നടപ്പിലാക്കുകയാണെങ്കിൽ നല്ലത്. അതിന്റെ അവസാനം നടപ്പിലാക്കാൻ തുനിഞ്ഞാൽ ആദ്യന്തം നാശമായിരിക്കും ഫലം. ചിലർ കട്ടവന്റെ കൈ ഛേദിക്കാനും വ്യഭിചാരിയെ എറിഞ്ഞുകൊല്ലാനും തുനിഞ്ഞ് ശരീഅത്ത് നിയമം നടപ്പാക്കിത്തുടങ്ങും. ഇത് അവസാന ഘട്ടമാണെന്ന് അവരോർക്കുന്നില്ല. ഇസ്‌ലാമിന്റെ സാമൂഹിക നീതി, മാനവിക വീക്ഷണം, ഭരണാധികാരിയുടെയും ഭരണീയരുടെയും കടമകളും ബാധ്യതകളും തുടങ്ങി ഇസ്‌ലാമിക ജനാധിപത്യത്തിന്റെ അന്തഃസത്തയുൾക്കൊണ്ട പ്രബോധനരീതി സ്വീകരിക്കുകയും ഇസ്‌ലാമിന്റെ സൗകുമാര്യം ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള നിരന്തര ശ്രമങ്ങളിൽ ഏർപ്പെടുകയും ചെയ്യുകയാണ് അമേരിക്കയെ പോലുള്ള രാജ്യങ്ങളിൽ വേണ്ടത്. ആ നിലക്കുള്ള ശ്രമങ്ങൾക്കാണ് ഞങ്ങൾ മുൻഗണന നൽകുന്നത്."

ഫിഖ്ഹ് കൗൺസിൽ ഓഫ് നോർത്ത് അമേരിക്ക, കൗൺസിൽ ഓൺ അമേരിക്കൻ-ഇസ്‌ലാമിക് റിലേഷൻസ് (CAIR), മുസ്‌ലിം അമേരിക്കൻ സൊസൈറ്റി, ഇസ്ന, ഇക്ന എന്നീ നിരവധി അമേരിക്കൻ സംഘടനകളും യൂറോപ്പിലും ഗൾഫിലുമുള്ള നിരവധി ഇസ്‌ലാമിക സംഘടനകളും പ്രമുഖ വ്യക്തിത്വങ്ങളും ഡോ. ഹസ്സാൻ ഹത്ഹൂത്തിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തി. ഹൃദയം നിറഞ്ഞ മന്ദഹാസത്തെക്കുറിച്ച ഓർമകൾ അവശേഷിപ്പിച്ച് ആ മഹാനുഭാവൻ സ്രഷ്ടാവിലേക്ക് യാത്രയായി. ■